പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. T. 2287 | 18.02.2016 ൽ മറുപടി നല്കേണ്ടത്. |
|---|---|

## 'എനർജി ഡ്രിങ്ക'കളുടെ പരിശോധന

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.കെ.എൻ.എ.ഖാദർ** | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | 'എനർജി ഡ്രിങ്കുകൾ' എന്ന പേരിൽ വിപണനം ചെയ്യുന്ന ഉൽപന്നങ്ങൾ വിപണനം ചെയ്യുന്നതിന് മുമ്പ് എന്തെല്ലാം പരിശോധനകളാണ് നടത്തുന്നത് ; | എ) | എനർജി ഡ്രിങ്കുകൾ എന്ന പേരിൽ വിപണനം ചെയ്യുന്ന ഉൽപന്നങ്ങൾ വിപണനം ചെയ്യുന്നതിന് മുമ്പ് ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇൻഡ്യയുടെ പ്രോഡക്റ്റ് അപ്രൂവൽ ആവശ്യമാണ്. എനർജി ഡ്രിങ്കുകൾ ഉൾപ്പെടെ എല്ലാത്തരം ഭക്ഷ്യഉത്പന്നങ്ങളും വിപണന ചെയ്യുന്നതിനായി ഭക്ഷ്യസുരക്ഷാ ഗുണനിലവാരനിയമപ്രകാരമുള്ള ലൈസൻസോ രജിസ്ട്രേഷനോ കരസ്ഥമാക്കേതാണ്. സംസ്ഥാനത്ത് ലഭ്യമാകുന്ന എനർജി ഡ്രിങ്കുകളുടെ സാമ്പിളുകൾ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ ശേഖരിച്ച് പരിശോധനയ്ക്ക് വിധേയമാക്കാറുണ്ട്.നിശ്ചിതനിലവാരമില്ലാത്തതോ മായം ചേർത്തതായോ ക ണ്ടെത്തുന്നപക്ഷം ഉത്തരവാദികൾക്കെതിരെ 2006 ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമമനുസരിച്ച് നടപടി സ്വീകരിക്കാറുണ്ട്. എനർജി ഡ്രിങ്കുകൾക്ക് ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് ആക്ട് പ്രകാരമുള്ള സ്റ്റാൻഡേഡ് നിശ്ചയിച്ചിട്ടില്ല. ഇത്തരം ഭക്ഷ്യവസ്തുക്കൾ Proprietary food ആയതിനാൽ അനുവദനീയമല്ലാത്ത നിറങ്ങളോ, കൃത്രിമ മധുരപദാർത്ഥങ്ങളോ ചേർത്തിട്ടുണ്ടോ എന്നും കൂടാതെ മൈക്രോബയോളജി പരിശോധനയും കഫീന്റെ സാന്നിദ്ധ്യവും പരിശോധിക്കാറുണ്ട്. |

| | | | |
|---|---|---|---|
| ബി) | ഇത്തരം എനർജി ഡ്രിങ്കുകളിൽ ആരോഗ്യത്തിന് ദോഷകരമായ പദാർത്ഥങ്ങളും അളവിൽ കൂടുതൽ കഫീനിന്റെ സാന്നിദ്ധ്യവുമുണ്ടെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| സി) | ഉൽപാദിപ്പിക്കുന്നതും വിപണനം ചെയ്യുന്നതുമായ എല്ലാ എനർജി ഡ്രിങ്കുകളും ആവശ്യമായ പരിശോധനകൾ നടത്തിയ ശേഷം വിപണനം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ? | സി) | നടപടി സ്വീകരിക്കാനുള്ള അധികാരം ഭക്ഷ്യസുരക്ഷാ നിയമപ്രകാരം കേന്ദ്രസർക്കാരിലാണ് നിക്ഷിപ്തമായിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ